<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3050** **18.06.2019**-ൽ മറുപടിയ്ക്ക്

## റവന്യൂ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

ചോദ്യം : ശ്രീ.വി. അബ്ദുറഹിമാൻ

മറുപടി :

ശ്രീ.ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പുതുതായി 2 താലൂക്കുകളും 6 റവന്യൂ ഡിവിഷണൽ ആഫീസുകളും രൂപീകരിച്ചു. 96 വില്ലേജ് ആഫീസുകൾക്ക് കെട്ടിടം നിർമ്മിച്ച് സ്മാർട്ട് റവന്യൂ ആഫീസ് ആക്കുന്നതിനും വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും 1202 പണികൾക്ക് പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകൾ അധികവും വളരെ പരിമിതവും സൗകര്യങ്ങളില്ലാത്തതും ജീർണ്ണിച്ചതുമായ അവസ്ഥയിലാണുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | റവന്യൂ ഓഫീസുകളും സ്ഥാപനങ്ങളും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നൂതനപദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | റവന്യൂ ആഫീസുകളും സ്ഥാപനങ്ങളും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും പ്ലാൻ സ്കീം പ്രകാരം റവന്യൂ ആഫീസുകളുടെ നവീകരണം, സ്മാർട്ട് റവന്യൂ ആഫീസ്, വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

ക്ര